# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.886 09.08.2017 ലെ മറുപടി**

## ശുദ്ധജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം.സ്വരാജ്:** | **മാത്യു ടി. തോമസ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്തു നിലവിലുള്ള കുളങ്ങളും ശുദ്ധജലസ്രോതസ്സുകളും സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് അറിയി ക്കുമോ; | (എ) ജലസേചന വകുപ്പ് മുഖേന സംസ്ഥാനത്ത് നിലവിലുള്ള കുളങ്ങളും ശുദ്ധ ജല സ്രോതസ്സുകളും സംരക്ഷിക്കുന്നതിന് ഹരിതകേരളം, പ്ലാൻ ഫണ്ട്, നോൺ പ്ലാൻ ഫണ്ട്, എം.എൽ.എമാരുടെ ആസ്തി വികസന ഫണ്ട് എന്നിവ ഉപയോഗപ്പെടുത്തി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് കുളങ്ങളുടെയും ശുദ്ധ ജല സ്രോതസ്സുകളുടെയും സംഭരണശേഷി വർദ്ധിപ്പിക്കൽ, ശുചീകരണം, പാർശ്വ ഭിത്തിയിൽ കയർ, ഭൂവസ്ത്രം, പുല്ല് എന്നിവ വച്ച് പിടിപ്പിച്ച് ബലപ്പെടുത്തൽ തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.<br>കുളങ്ങളുടെയും ശുദ്ധ ജല സ്രോതസ്സുകളുടെയും പുനരുദ്ധാരണവും സംരക്ഷണവും പരിമിതമായ തോതിൽ വാട്ടർ അതോറിറ്റിയും ഏറ്റെടുത്ത് നടത്താറുണ്ട്. |

ലോക ബാങ്കിന്റെ ധനസഹായ ത്തോട്ടുകൂടി ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പഞ്ചായത്തുകളിൽ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കാൻ ജലസ്രോതസ്സായി കിണറുകൾ സംരക്ഷിച്ചു വരുന്നു. അതിന്റെ ഭാഗമായി ചെറിയ തടയണകൾ, മണ്ണിന്റെ അടിയിൽ തടയണകൾ, കിണർ റീ ചാർജ്ജ് എന്നിവ നടപ്പിലാക്കി വരുന്നു.

| | |
|---|---|
| (ബി) സ്വകാര്യ വ്യക്തികളുടെ ഭൂമിയിലുള്ള കുളങ്ങൾ നികത്തുന്നത് തടയുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ? | (ബി) ജലവിഭവ വകുപ്പിന്റെ പരിധിയിൽ വരുന്നതല്ലാത്ത 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ വ്യവസ്ഥകളനുസരിച്ച് ബന്ധപ്പെട്ട ഭരണ വകുപ്പ് അതാത് സമയം നടപടികൾ സ്വീകരിക്കാറുണ്ട്. |

**സെക്ഷൻ ഓഫീസർ**